(ബി) മെച്ചപ്പെട്ട ഉൽപ്പന്നങ്ങളുണ്ടാക്കുക, ആകർഷകമായ ഡിസൈൻ നിർമ്മിക്കുക, കൈത്തറി വസ്ത്രങ്ങളുടെ കലണ്ടറിംഗിലും പ്രിന്റിംഗിലും നൂതന പ്രവണതകൾ ആവിഷ്ക്കരിക്കുക മുതലായ കാര്യങ്ങൾക്ക് ഇന്നുള്ള ഏർപ്പാടെന്തെല്ലാമാണ് ;

(സി) ഇതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) എങ്കിൽ അത് എന്നത്തേക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി : (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) തുണികൾ ചായം മുക്കാനുള്ള പ്രകൃതിദത്തമായ ഡൈ വികസിപ്പിച്ചെടുക്കുന്നതിനും അതു കൈത്തറി വ്യവസായത്തിന് പ്രയോജനപ്പെടുത്തുന്നതിനും സഹായകരമായ ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വീവിംഗ്, ഡൈയിംഗ്, ഡിസൈൻ ഡവലപ്മെന്റ് എന്നീ രംഗങ്ങളിൽ ഉണ്ടായിട്ടുള്ള ഗവേഷണഫലങ്ങൾ നെയ്ത്തുകാർക്കിടയിൽ പ്രചരിപ്പിക്കുന്നതിന് കേന്ദ്ര സ്ഥാപനമായ കണ്ണൂരിലെ വീവേഴ്സ് സർവ്വീസ് സെന്ററിന്റെയും ടെക്സ്റ്റയിൽ കമ്മിറ്റിയിടെയും സേവനം പ്രയോജനപ്പെടുത്തുന്നു. കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്ന ടെക്സ്റ്റയിൽ സെന്റർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സ്കീമിൽ ഗവേഷണങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി& ഡി) പ്രിന്റിംഗ്, കലണ്ടറിംഗ് തുടങ്ങിയ പ്രീലും പ്രോസസ്സിംഗ് അയൽ സംസ്ഥാനങ്ങളിലെ സൗകര്യങ്ങളെ ആശ്രയിച്ചാണ് നടത്തിവരുന്നത്. എന്നാൽ ആകർഷണീയമായ ഡിസൈനുകളിൽ മെച്ചപ്പെട്ട ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, വീവേഴ്സ് സർവ്വീസ് സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽ ടെക്നോളജി, കണ്ണൂർ എന്നീ സ്ഥാപനങ്ങളുടെ സേവനം വിവിധ പദ്ധതികളിലായി ഇപ്പോൾ പ്രയോജനപ്പെടുത്തി തുടങ്ങിയിട്ടുണ്ട്.

ക്ഷേമനിധി പെൻഷനുകൾ കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി

13 (* 720) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളികൾ, കശുവണ്ടി തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ തുടങ്ങിയവരുടെ ജീവിതഭാരം വർദ്ധിച്ചിരിക്കുന്നതിനാൽ പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോഴത്തെ പെൻഷൻ നിരക്ക് തീരുമാനിച്ചത് ഏത് വർഷത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്നതും പുതിയ ആനുകൂല്യങ്ങൾ നൽകുന്നതും സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഈ വിഭാഗം തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ മോശമായ സാമ്പത്തിക സ്ഥിതി കാരണം മറ്റ് ആനുകൂല്യങ്ങൾ ഇപ്പോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) കർഷകത്തൊഴിലാളി പെൻഷൻ 1-4-2000 മുതലും കശുവണ്ടിത്തൊഴിലാളി പെൻഷൻ 1-3-1996 മുതലും സ്റ്റാഫ് പെൻഷൻ 1-7-1992 മുതലും ചുമട്ടു തൊഴിലാളികൾക്കുള്ള സൂപ്പറാന്വേഷൻ, ഫാമിലി പെൻഷൻ എന്നിവ 1-2-2003 മുതലും ഇൻവാലിഡ് പെൻഷൻ 20-1-2003 മുതലും തീരുമാനിച്ചു.

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

പ്രൈവറ്റ് ബസ്സുകളുടെ ഓവർലാപ്പിംഗ്

14 (* 721) ശ്രീ. ഡി. സുഗതൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. എ. കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഓപ്പറേറ്റുചെയ്യുന്ന റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകളുടെ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട് ;

(സി) ആയത് കെ. എസ്. ആർ. ടി. സി. യെ ഏതുവിധത്തിലാണ് ബാധിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ദേശസാൽക്കരണ പദ്ധതികളുടെ വ്യവസ്ഥകൾ പലവിധത്തിലുണ്ട്. പ്രൈവറ്റ് മേഖലയെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടും, ഭാഗീകമായി ഒഴിവാക്കിക്കൊണ്ടും നിലവിൽ ഉള്ള സ്വകാര്യ സർവ്വീസുകൾക്ക് പുരകമായി സപ്ലിമെന്റേഷൻ പദ്ധതി എന്നിവ ഇതിൽപ്പെടുന്നു. ഓരോ റൂട്ടിന്റെയും ദേശസാൽക്കരണ പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഓവർലാപ്പിംഗ് അനുവദനീയമാണോ അല്ലയോ എന്ന് നിശ്ചയിക്കുന്നത്.

(സി) ഓരോ റൂട്ടിന്റെയും ദേശസാൽക്കരണ പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള ഓവർ ലാപ്പിംഗ് മൂലം കെഎസ്ആർടിസി. യുടെ വരുമാനത്തിൽ 25% കുറവ് അനുഭവപ്പെടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly